കളിസ്ഥലം, വെയിസ്റ്റ് മാനേജ്മെന്റ് എന്നിവയെല്ലാം ലഭ്യമാക്കുന്ന ഒരു മിനി ടൗൺഷിപ്പായിട്ടാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(ഡി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ) പുനലൂർ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള (പി.സി.കെ) ഹെഡ് ഓഫീസ് കോട്ടയം എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ സംരംഭവുമായി സഹകരിക്കാൻ തയ്യാറായത്. എന്നാൽ ആർ.പി.എൽ. ന് കേന്ദ്ര ഗവൺമെന്റിന്റെ ഷെയർ ഉള്ളതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുവാദം വാങ്ങണമെന്നറിയിക്കുകയും കൂടാതെ പലിശ സബ്സിഡി ആയിട്ടോ, ലാന്റ് ഡെവലപ്മെന്റിനോ എന്തെങ്കിലും തുക നൽകുന്നത് സംബന്ധിച്ച് ആർ.പി.എൽ. നാളിതുവരെ തീരുമാനം എടുത്തിട്ടില്ലാത്തതുമാണ്. കൂടാതെ ആകെ 18 ഗുണഭോക്താക്കൾ മാത്രമാണ് മേൽ വ്യവസ്ഥയിൽ വീട് ആവശ്യപ്പെട്ടിട്ടുള്ളത്. പി.സി.കെ. ലിമിറ്റഡ് കാസർഗോഡ് കശുമാവ് പ്ലാന്റേഷനിൽ ഇത് നടപ്പാക്കാമെന്ന് അറിയിച്ചെങ്കിലും 15 പേരാണ് മേൽ വ്യവസ്ഥയിൽ വീട് ആവശ്യപ്പെട്ടിട്ടുള്ളത്. തൊഴിലാളി യൂണിയനുകൾ പലിശ സബ്സിഡി ഇനത്തിലും ഗ്രാന്റിനും വേണ്ടി പി.സി.കെ. മാനേജ്മെന്റിനോട് ആവശ്യപ്പെട്ടെങ്കിലും ആയത് മാനേജ്മെന്റ് നിരസിക്കുകയാണുണ്ടായത്. പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 20 കോടി രൂപയും 2014-15-ൽ 5 കോടി രൂപയും അനുവദിച്ചിട്ടുള്ളതാണ്. പ്രൈവറ്റ് പ്ലാന്റേഷൻ ഉടമകൾ " സ്വന്തം വീട്" പദ്ധതിയുമായി സഹകരിക്കാത്ത അവസ്ഥയിലും ആർ.പി.എൽ.-ന്റെ സ്ഥലത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണ്ടിവരുന്നതിനാൽ ആർ.പി.എൽ-പി.സി.കെ. എന്നീ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾ കുറവായതിനാലും ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അടിയന്തരമായി തീരുമാനം എടുക്കുന്നതായിരിക്കും.

വ്യവസായശാലകളിലെ സുരക്ഷാക്രമീകരണങ്ങൾ

240 (4526) ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ ശാലകളിൽ സുരക്ഷാക്രമീകരണങ്ങളിലെ കുറവുകൊണ്ട് ഉണ്ടാകുന്ന അപകട മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവസായശാലകളിൽ ലൈസൻസില്ലാതെ തൊഴിലാളികൾ ബോയിലർ പ്രവർത്തിച്ചു അപകടം ഉണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അപകടങ്ങൾ കൂടിയ വ്യവസായശാലകളിൽ മെക്കാനിക്കൽ, കെമിക്കൽ എഞ്ചിനീയർ എന്നീ വിദഗ്ധർ ഉൾപ്പെട്ട ടീം പ്രയോറിറ്റി ഇൻസ്പെക്ഷൻ നടത്തുകയും മറ്റ് ഫാക്ടറികളിൽ ഇൻസ്പെക്ടർമാർ ഫാക്ടറി മാനേജ്മെന്റ് സുരക്ഷാക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. എന്നാൽ അന്വേഷണത്തിൽ കൂടുതലും നടന്നത് തൊഴിലാളികളുടെ പ്രത്യേകിച്ച് അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതമല്ലാത്ത പ്രവൃത്തികൾമൂലമായതിനാൽ അവരിൽ സുരക്ഷാവബോധം സൃഷ്ടിക്കുന്നതിനുവേണ്ട വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കുള്ള പ്രാദേശിക പരിധി

241(4527) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേക പരിധികൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

(സി) ജില്ലയിലെ പ്രധാന നഗരങ്ങളായ പെരിന്തൽമണ്ണ, മഞ്ചേരി പ്രദേശങ്ങളിലും ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലാളികളെ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി എടുക്കുമോ ?

ഉത്തരം

(എ) ഇല്ല; ഓരോ ഡിസ്പെൻസറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അതത് ഡിസ്പെൻസറികളിൽ പ്രൈമറി കെയറും ബന്ധപ്പെട്ട ആശുപത്രികളിൽനിന്ന് സെക്കന്ററി കെയറും ലഭ്യമാകുന്നതാണ്. ഇതിന് ജില്ല ഒരു മാനദണ്ഡമേയല്ല.

LIBRARY ARCHIVES Kerala Legislative Assembly